തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഓ.

തിരുവനന്തപുരം. 695003

ഫോൺ:0471-2325071

നമ്പർ: LSGD/PD/31595/2024-DB4 തീയ്യതി: 06-02-2025

## അറിയിപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് എക്സ്റ്റേണൽ ക്വാളിറ്റി മോണിറ്റർമാരുടെ പാനലിലേക്കു താല്പര്യപത്രം ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷകർ സർക്കാർ സർവീസിൽ നിന്നു വിരമിച്ച സൂപ്രണ്ടിങ് എഞ്ചിനീയർമാർ ആയിരിക്കണം. എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ റോഡ് നിർമ്മാണ പ്രവൃത്തികളിൽ പ്രവർത്തി പരിചയമുണ്ടായിരിക്കേണ്ടതും സേവനകാലയളവിൽ ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടുണ്ടാകാൻ പാടില്ലാത്തതുമാണ്. അപേക്ഷകന്റെ ഉയർന്ന പ്രായ പരിധി 70 വയസ്സിൽ കവിയരുത്.

താല്പര്യമുള്ള എഞ്ചിനീയർമാർ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്നതിന് സേവനമനുഷ്ഠിച്ച വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ സഹിതം lrrp.celsgd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ക്വാളിറ്റിമോണിറ്റർമാർക്കുള്ള ഓണറേറിയം, യാത്രാബത്ത തുടങ്ങിയവ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കു വിധേയമായിരിക്കും.
അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15/02/2025.

Sandeep K G
CHIEF ENGINEER

Signed by
Sandeep K G
Date: 06-02-2025 18:55:18